## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3896 — 31-01-2014 ലെ മറുപടിയ്ക്ക്

## നികുതി വരുമാനത്തിലെ വളർച്ചാ നിരക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഃ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ വളർച്ചാ നിരക്കിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; തന്നാണ്ടിൽ സർക്കാരിന്റെ പ്രതീക്ഷ എത്രയായിരുന്നു ; ഇതുവരെയുള്ള വളർച്ചാനിരക്ക് അനുകൂലമാണോ ; | എ) അക്കൗണ്ടന്റ് ജനറലിന്റെ 2013 നവംബർവരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ വളർച്ചാ നിരക്ക് മുൻ വർഷത്തെ അപേക്ഷിച്ച് വർദ്ധിച്ചിട്ടില്ല. നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാന തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിക്കുന്ന വർദ്ധനവ് **20.70** ശതമാനമാണ്. ഈ വർഷം നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാനായിട്ടില്ല. |
| ബി) വിലവർദ്ധനവു മൂലവും അധിക നികുതി ഏർപ്പെടുത്തിയതുമൂലവും നികുതി വരുമാനത്തിലുണ്ടായ വർദ്ധനവല്ലാതെ നികുതി പിരിവിലെ കാര്യക്ഷമതയുടെ ഫലമായി നികുതി വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ ; | ബി) ഈ വർഷം നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാനായിട്ടില്ല. എന്നിരുന്നാലും നികുതി പിരിവിലെ കാര്യക്ഷമതയുടെ ഫലമായി എക്സൈസ് വകുപ്പിൽ പിരിച്ചെടുക്കാവുന്ന വരുമാനം മുഴുവൻ പിരിച്ചെടുക്കാനായിട്ടുണ്ട്. മോട്ടോർ വാഹനങ്ങളുടെ വിൽപ്പനയിൽ മുൻ സാമ്പത്തിക വർഷങ്ങളെ അപേക്ഷിച്ച് കുറവുണ്ടായെങ്കിലും നികുതി പിരിവിലെ കാര്യക്ഷമതയുടെ ഫലമായി വകുപ്പിന്റെ വരുമാനത്തിൽ ഇടിവുണ്ടാകാതെ നിലനിർത്താനായി. വിവിധ വകുപ്പുകളിലെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കുന്നതിന്റെ ഫലമായി നികുതി കുടിശ്ശിക പിരിവിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. |
| സി) നികുതി വരുമാനത്തിലെ വളർച്ചാനിരക്കിലുണ്ടായ വ്യതിയാനവും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയും സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | സി) നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാന തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിക്കുന്ന വർദ്ധനവ് 20.70 ശതമാനമാണ്. നവംബർ 2013 വരെ സംസ്ഥാന തനത് നികുതി ഇനത്തിൽ ലഭിച്ച വരുമാനം ആകെ പ്രതീക്ഷിക്കുന്നതിന്റെ 52.46 ശതമാനമാണ്. അക്കൗണ്ടന്റ് ജനറലിന്റെ 2013 നവംബർവരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ വളർച്ചാ നിരക്ക് മുൻവർഷത്തെ |

അപേക്ഷിച്ച് വർദ്ധിച്ചിട്ടില്ല. ഇതുമൂലം സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്.

| | |
|---|---|
| (ഡി) അധിക നികുതി ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; ഏതെല്ലാം ഇനത്തിൽ എത്ര ശതമാനം വീതമെന്ന് വ്യക്തമാക്കാമോ ? | (ഡി) നികുതി വർദ്ധനവ് സംബന്ധിച്ച നിർദ്ദേശങ്ങൾ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ